## ശിലാശില്പങ്ങൾ

ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള കല്ലിലെ കൊത്തുപണികളെല്ലാം തെക്കേ ഇന്ത്യയിലാണുള്ളത്.




കരിങ്കല്ലിൽ ശില്പങ്ങൾ രൂപപ്പെടുത്തുന്ന കല ഇപ്പോഴും മഹാബലിപുരം, കാഞ്ചീപുരം, കന്യാകുമാരിയിലെ മയിലാടി എന്നിവിടങ്ങളിൽ നടന്നുവരുന്നു. മൃദു ശിലകളിലെ കൊത്തുപണി പുതുശ്ശേരി, കടലൂർ, സേലം എന്നീ ജില്ലകളിലുണ്ട്.

## മരത്തിലെ കൊത്തുപണി (ദാരുശില്പങ്ങൾ)

വളരെ പുരാതനമായ കലയാണിത്. വീടുപണിയിലും വീട്ടിലെ മരസാധന ങ്ങളിലും, വിഗ്രഹങ്ങളിലും കൊത്തുപണികൾ ചെയ്യാറുണ്ട്. വൈവിധ്യമാർന്ന കര കൗശലപ്പണികൾ പ്രചാരത്തിലുണ്ട്.






## തഞ്ചാവൂർ ചിത്രങ്ങൾ

സ്വർണ്ണത്തകിടുകളും സവിശേഷമായ കല്ലുകളും പതിപ്പിച്ച് പ്രകൃതിയിലെ ചായങ്ങൾ കൊണ്ടു രൂപപ്പെടുത്തുന്ന ചിത്രങ്ങളാണിവ.





## കാഞ്ചീപുരം

കാഞ്ചീപുരം എന്ന പേരുകേട്ടാൽ ഉടൻ ഓർമ്മവരുന്നത് പട്ടുസാരിയായിരിക്കും. പട്ടിലും പരുത്തിയിലും വിദഗ്ദ്ധമായ കരവിരുതു കാണിക്കുന്ന നെയ്ത്തുകാരാണ് കാഞ്ചീപുരത്തുള്ളത്. ഇവിടെ ഓരോ തൊഴിലാളിയുടെയും വീട്ടിലും തറി ഉണ്ട്. ഒരു പട്ടുസാരി നെയ്തു തീർക്കാൻ മുപ്പതോ നാല്പതോ ദിവസങ്ങൾ വേണ്ടിവരും.





## പരുത്തിവസ്ത്രങ്ങൾ

കോയമ്പത്തൂർ, ആരണി, തഞ്ചാവൂർ, ഈറോഡ്, കരൂർ, മധുര തുടങ്ങിയ സ്ഥലങ്ങൾ പരുത്തി വസ്ത്രനിർമ്മാണത്തിനു പ്രസിദ്ധമാണ്. കൈത്തറികളിലാണ് പരുത്തിവസ്ത്രങ്ങൾ നെയ്യുന്നത്.







ചുരുക്കിപ്പറഞ്ഞാൽ തമിഴ്നാട്ടിൽ കൈത്തൊഴിലുകൾ ഇപ്പോഴും വളർന്നു കൊണ്ടിരിക്കുന്നു. കാലത്തിനനുസരിച്ചുള്ള പുതിയ വിദ്യകൾ കൂടി മനസ്സിലാക്കിക്കൊണ്ട് വളരുന്നു. പരുത്തി നൂലുകളോടൊപ്പം പോളിസ്റ്റർ നൂലുകളും ചേർത്ത് 'പോളിക്കോട്ട്' എന്ന പുതിയ തുണിത്തരം ഉണ്ടാക്കാൻ അവർ ശ്രമിക്കുന്നു. നിങ്ങളുടെ ചുറ്റും കാണുന്ന കൈത്തൊഴിലുകളെയും കരകൗശലവിദ്യകളെപ്പറ്റി മനസ്സിലാക്കാനും പഠിക്കാനും ശ്രമിക്കണം.



## മൂല്യനിർണ്ണയം


### I. ചോദ്യങ്ങൾക്ക് ഉത്തരം നല്കുക

1. കരകൗശലവസ്തുക്കൾ നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കൾ എങ്ങനെയുള്ളതാണ്?
2. പനയോലകൊണ്ടു നിർമ്മിക്കുന്ന വസ്തുക്കളേതൊക്കെ?
3. ചകിരി നാരു കൊണ്ട് ഉണ്ടാക്കാവുന്ന സാധനങ്ങൾ ഏതൊക്കെ?
4. പുല്ലുവർഗ്ഗത്തിൽപെട്ട മുള, കോരപ്പുല്ല്, തുടങ്ങിയവയിൽ നിന്ന് തയ്യാറാക്കാവുന്ന സാധനങ്ങളിൽ ചിലതിന്റെ പേരെഴുതുക.
5. ചൂരൽ എന്തൊക്കെ നിർമ്മിക്കാനുപയോഗിക്കാം?



### II. ചേരുംപടി ചേർക്കുക

1. ചെമപ്പും കറുപ്പും കലർന്ന മൺപാത്രം - മഹാബലിപുരം
2. പരുത്തിവസ്ത്രം - വേലൂർ
3. മൃദുശിലകളിലെ കൊത്തുപണി - ആരണി
4. കടൽക്കരയിലെ ക്ഷേത്രം - സേലം



### III. പൂരിപ്പിക്കുക

1. ചണം കൊണ്ടു നിർമ്മിക്കാവുന്ന വസ്തുക്കൾ____________.
2. മുള കൊണ്ട് നിർമ്മിക്കുന്ന സംഗീത ഉപകരണം____________ആണ്.
3. കോരപ്പുല്ലുകൊണ്ട്____________ഉണ്ടാക്കുന്നു.
4. ചോളന്മാരുടെ കാലത്തുള്ള ക്ഷേത്രം____________ഉണ്ട്.

### IV. ഞാനാരാണ്? കണ്ടുപിടിക്കുക

1. പട്ടിന്റെ നഗരം എന്നറിയപ്പെടുന്നത് കാ____________
2. പരുത്തി വസ്ത്രങ്ങൾ അധികമായി നെയ്തെടുക്കുന്ന നഗരം കോ____________
3. പായ് എന്നു കേട്ടാൽ ഓർമ്മയിലെത്തുന്നത് പ____________
4. തലയാട്ടും പാവകൾക്ക് പേർകേട്ട സ്ഥലം ത____________

### അധ്യാപകർക്ക്

നമ്മുടെ കരകൗശലപാരമ്പര്യം കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം. പുതിയ പുതിയ സാമഗ്രികൾ ശേഖരിച്ച് അവയുടെ നിർമ്മാണരീതി അന്വേഷിച്ചറിയാനും ക്ലാസിൽ അവതരിപ്പിക്കാനും അവസരം നല്കണം.


## തിരിഞ്ഞുനോക്കൂ...

**നിങ്ങൾ പഠിച്ച 5പാഠങ്ങളിൽ ഓരോന്നിലെയും ഓർമ്മയുള്ള കാര്യങ്ങൾ അതാതു പാഠത്തിന്റെ കോളത്തിൽ എഴുതുക.**

1



2



3



4



5





## പ്രശസ്തിപത്രം

ഞാൻ നാലാംക്ലാസിലെ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളും അത്യുത്സാഹത്തോടെ പഠിച്ചുതീർത്തു.

ഫോട്ടോ

വിദ്യാർത്ഥിയുടെ പേര്:

വിദ്യാലയത്തിന്റെ പേര്:

അധ്യാപകന്റെ ഒപ്പ്



## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'

## ('I can, I did')

### വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |